**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ചാവക്കാട് നഗരസഭയിൽ റോഡ് വികസനത്തിന് നിലവിലുള്ള മതിൽ പൊളിച്ചുമാറ്റി സൗജന്യമായി ഭൂമി വിട്ടുനൽകിയവർക്ക് തനതുഫണ്ട് ഉപയോഗിച്ച് മതിൽ നിർമ്മിച്ചു നൽകുന്നതിന് നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.330/2020/ത.സ്വ.ഭ.വ** **തിരുവനന്തപുരം,**
**തീയതി,07/02/2020**

---

പരാമർശം:- ചാവക്കാട് നഗരസഭാ ചെയർമാന്റെ 01/01/2020ലെ ഇ1- 14623/17നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ചാവക്കാട് നഗരസഭയിൽ ഏറെ തിരക്കുള്ള ഹോസ്പിറ്റൽ -സഹകരണ റോഡ് വീതി കൂട്ടുന്നതിന് സ്ഥലം സൗജന്യമായി വിട്ടുനൽകുമ്പോൾ ചില ഭൂഉടമകൾക്ക് നിലവിലുള്ള മതിൽ പൊളിച്ചു മാറ്റേണ്ടതായുണ്ട്. പ്രസ്തുത മതിൽ നിർമ്മിച്ച് നൽകുകയോ അല്ലെങ്കിൽ മതിൽ നിർമ്മിക്കുന്നതിനാവശ്യമായ തുക നല്കുകയോ ചെയ്യണമെന്ന ഭൂവുടമകളുടെ ആവശ്യം നഗരസഭ കൗൺസിൽ അംഗീകരിച്ചിട്ടുമുണ്ട്. മതിൽ പൊളിച്ചുനീക്കേണ്ടി വരുന്ന ഭൂവുടമകൾക്ക് എസ്റ്റിമേറ്റ് പ്രകാരം മതിൽ നിർമ്മിച്ചു നല്കുന്നതിനോ അല്ലെങ്കിൽ അതിനുള്ള ധനസഹായം ചെയ്യുന്നതിനോ തനതു ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശ കത്ത് പ്രകാരം നഗരസഭാ ചെയർമാൻ ആവശ്യപ്പെട്ടിരിക്കുന്നു .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചാവക്കാട് നഗരസഭയുടെ ഹോസ്പിറ്റൽ -സഹകരണ റോഡ് വികസനത്തിനായി നിലവിലുള്ള മതിൽ പൊളിച്ചുമാറ്റി സൗജന്യമായി ഭൂമി വിട്ടുനൽകുന്നവർക്ക് തനതുഫണ്ട് ഉപയോഗിച്ച് മതിൽ നിർമ്മിച്ചു നൽകുന്നതിന് നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

ചെയർമാൻ/സെക്രട്ടറി, ചാവക്കാട് നഗരസഭ

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Validity unknown
Digitally signed by SMITHA B CHANDRA
Date: 2020.02.10 15:07:03 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ് :-ബഹു തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്സിന്

അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി എസ്സ്